അനുബന്ധം എച്ച് -4

**കേരള സംസ്ഥാന ഫിഷറീസ് വകുപ്പ്**

കാരണം കാണിക്കൽ നോട്ടീസ്

ശ്രീ.ആന്റണി.പി.വി, ചിറ്റയിൽ ഹൗസ്, വയലാർ.പി.ഓ, ചേർത്തല പിൻ- 688536 എന്ന താങ്കളെ അറിയിക്കുന്നത്.

ശ്രീ.ആന്റണി.പി.വി, ആയ താങ്കൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ വയനാട് ജില്ലാ ഓഫീസിലെ 23/05/2003 തീയതിയിലെ WI(1)2081/96(1) നമ്പർ നിയമനോപദേശ കത്ത് പ്രകാരം ഫിഷറീസ് ഡയറക്ടറുടെ 04/06/2003-ലെ A3/4644/03(1) നമ്പർ നിയമന ഉത്തരവ് അനുസരിച്ച് തിരുവനന്തപുരം, ഫിഷറീസ് ഡയറക്ടർ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് ആയി നിയമിതനാവുകയും 23/06/2003 FN തീയതിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ടി തസ്തികയിൽ ജോലി നോക്കി വരവെ താങ്കളുടെ അപേക്ഷ പ്രകാരം കെ.എസ്.ആർ ഭാഗം I അനുബന്ധം XII-A യിലെ നിബന്ധനകൾക്ക് വിധേയമായി വിദേശത്ത് മെച്ചപ്പെട്ട ജോലിയിൽ പ്രവേശിക്കുന്നതിന് ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവാകുകയും 02/07/2003 തീയതിയിൽ ഫിഷറീസ് ഡയറക്ടറേറ്റിൽ നിന്നും വിടുതൽ ചെയ്യുകയും ചെയ്തു.

ആകെ 20 വർഷത്തെ ശൂന്യവേതന അവധി അവസാനിച്ചിട്ടും ജോലിയിൽ തിരികെ പ്രവേശിക്കാത്തതിനാൽ താങ്കൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ചാർജ് മെമ്മോയും കുറ്റാരോപണ പത്രികയും രജിസ്റ്റേർഡ് ആയി അയച്ചുവെങ്കിലും ടി ചാർജ് മെമ്മോ വിതരണം ചെയ്യപ്പെടാതെ 'Addressee out of India' എന്ന പുറത്തെഴുത്ത് സഹിതം പോസ്റ്റൽ അധികാരികൾ ഈ ഓഫീസിലേക്ക് മടക്കി അയക്കുകയാണ് ഉണ്ടായത്. അച്ചടക്ക നടപടിയുടെ അടുത്ത ഘട്ടം എന്ന നിലയിൽ 1960-ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷന്, കൺട്രോൾ & അപ്പീൽ) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ വിചാരണ അധികാരിയായി നിയമിച്ചിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ റിപ്പോർട്ട് ഈ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതുമാണ്.

ഇപ്രകാരം 20 വർഷത്തെ ശൂന്യവേതന അവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിക്കാത്ത താങ്കളെ 1960-ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ ) ചട്ടങ്ങളിലെ ചട്ടം 11 (1) (vii) അനുസരിച്ച് 02/07/2023 തീയതി പ്രാബല്യത്തിൽ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലിക തീരുമാനം എടുക്കുകയും പ്രസ്തുത താൽക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകാതിരിക്കാൻ താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം താങ്കൾക്ക് ഒന്നും തന്നെ ബോധിക്കുവാനില്ല എന്ന നിഗമനത്തിൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതുമാണെന്നും അറിയിച്ചുകൊണ്ട് നോട്ടീസ് രജിസ്റ്റേർഡ് ആയി അയച്ചുവെങ്കിലും ടി നോട്ടീസ് വിതരണം ചെയ്യപ്പെടാതെ 'Addressee out of India' എന്ന പുറത്തെഴുത്ത് സഹിതം പോസ്റ്റൽ അധികാരികൾ ഈ ഓഫീസിലേക്ക് മടക്കി അയക്കുകയാണ് ഉണ്ടായത്. മേൽ സാഹചര്യത്തിൽ ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം മറുപടി സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം താങ്കൾക്ക് ഒന്നും തന്നെ ബോധിക്കുവാനില്ല എന്ന നിഗമനത്തിൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും.

ഒപ്പ്/-

ഫിഷറീസ് ഡയറക്ടർ